TB Movie Panel Weekly Review

**#moviepanel**

ഇരട്ട

എഴുതിയത് : Jithin Sreedhar

Mystery / crime വിഭാഗത്തിൽ കഥ പറഞ്ഞു പോകുകയും, കണ്ടിരിക്കുന്ന പ്രേക്ഷകർക്ക് ഒരു തരത്തിലും ക്ളൈമാക്സിലെ സസ്പെൻസ് എന്തെന്ന് പിടി കൊടുക്കാതെ ഇരിക്കുകയും, അത് അവർക്ക് സിനിമയുടെ അവസാനം ഉൾക്കൊള്ളാൻ കഴിയുകയും ചെയ്യുക എന്നത് ഒരു സംവിധായകനെ സംബന്ധിച്ച് , എഴുത്തുകാരെ സംബന്ധിച്ച് അത്യധികം വെല്ലുവിളി നിറഞ്ഞ ഒരു കാര്യമാണ്. ഇരട്ടയിൽ, പുതുമുഖ സംവിധായകനും, തിരക്കഥകൃത്തും ആയ രോഹിത് m g കൃഷ്ണൻ ഇപ്പറഞ്ഞ വെല്ലുവിളികൾ ഏറ്റെടുത്ത്, വിജയകരമായി പൂർത്തിയാക്കി എന്ന് തന്നെ പറയാം!

ഒരു സിനിമക്ക് പ്രധാനമായും വേണ്ട ഒന്നുണ്ട്, അതിന്റെ ടൈറ്റിൽ. ജനത്തിനെ സിനിമ കാണാൻ പ്രേരിപ്പിക്കുന്ന ഏറ്റവും ആദ്യത്തെ ഘടകം. പേര് കേട്ടാൽ അറിയാം സിനിമ നല്ലത് ആണോ അല്ലയോ എന്നത്, എന്നിൽ എന്നോ അടിയുറച്ചു പോയ ഒരു വിശ്വാസമാണ്. ഒരു പരിധിവരെ ഞാൻ അതിൽ വിജയിച്ചിട്ടുമുണ്ട്. "ആൾക്കൂട്ടത്തിൽ തനിയെ", "മഹേഷിന്റെ പ്രതികാരം" തുടങ്ങി മനസ്സിനെ ആകർഷിച്ച, ടൈറ്റിലുകൾ ഒന്ന് കൊണ്ട് മാത്രം കാണുവാൻ തുടങ്ങുകയും, കണക്കുകൂട്ടലുകളെ ശരി വെക്കും വിധം മികച്ചത് ആകുകയും ചെയ്ത സിനിമകളിൽ നിന്നും തീർത്തും വ്യത്യസ്തമായി, ഇത് എങ്ങനെ ഒരു മികച്ച സിനിമക്ക് ഉള്ള പേരാകും എന്ന് കരുതി, കണ്ട് തുടങ്ങിയ സിനിമയാണ് ഇരട്ട. സിനിമയുടെ ടൈറ്റൽ പോസ്റ്ററിൽ നിന്ന് മറ്റൊരു ക്ളീഷേ പടം എന്നു കരുതി ആദ്യ ദിവസങ്ങളിൽ കാണതെ ഇരിക്കുകയും, ഒരോ ദിവസം കഴിയും തോറും വരുന്ന നല്ല റിപ്പോർട്ടുകൾ എന്റെ കണക്ക് കൂട്ടലുകൾക്ക് മാച്ച് ആകതെ വരുകയും ചെയ്തത് ഒന്ന് കൊണ്ട് മാത്രം കയറി കണ്ട സിനിമ. പക്ഷെ, കണ്ട് കഴിയുന്ന എതൊരാൾക്കും ഇതിലും ചേരുന്ന ഒരു പേര് കണ്ടെത്തുക പ്രയാസം എന്ന് തന്നെ പറയേണ്ടി വരും. ചേർത്ത് പറയട്ടെ ഇതിന് മുൻപ് ഇത് പോലെ തന്നെ, കാണും മുമ്പ് മികച്ച സിനിമ എന്ന അഭിപ്രായങ്ങളോട് യാതൊരു വിധത്തിലും ചേർത്തുവെക്കാൻ കഴിയാതെ അസ്വസ്ഥത ഉളവാക്കിയതും സിനിമ കണ്ട് കഴിഞ്ഞ് മറ്റൊരു പേര് കണ്ടെത്താൻ കഴിയാത്ത വിധം മനസ്സിലേക്ക് കുടിയേറിയതുമായ മറ്റൊരു ചലച്ചിത്രം കൂടി മലയാളത്തിൽ ഉണ്ട്, ദൃശ്യം!

ഇരട്ട, പേര് പോലെ തന്നെ, വിനോദ് പ്രമോദ് എന്നീ ഇരട്ടകളുടെ കഥയാണ് സിനിമ പറയുന്നത്. ഇരുവരും പോലീസുകാരാണ്. ഇരുവരുടെയും വ്യക്തി ജീവിതത്തെയും കൂടി പിടിച്ചു കുലുക്കുന്ന വിധത്തിൽ ഒരു കേസ് ഉണ്ടാകുകയും, അതിന്റെ അന്വേഷണവുമാണ് സിനിമ പറയുന്നത്. കൂടുതൽ എന്ത് പറഞ്ഞാലും അത് സ്പോയ്ലർ ആകും എന്നതിനാൽ കഥാസാരം ഇവിടെ നിർത്തുന്നു.

ഇതിനിടയിൽ സിനിമയെ കുറിച്ചുള്ള പരിഹാസങ്ങളും കണ്ടു എന്ന് പറയാതെ വയ്യ. അതിലേറ്റവും പ്രധാനം 1989 ൽ ശ്രീ M T എഴുതി, ശ്രീ പവിത്രന്റെ സംവിധാനത്തിൽ ഇറങ്ങിയ ഉത്തരം എന്ന സിനിമയുമായുള്ള കഥാ പരമായ സാമ്യമാണ്. " Inspired by എന്നെങ്കിലും എഴുതി കാണിക്കമായിരുന്നു" , "അടിച്ചു മാറ്റൽ എന്ന പ്രയോഗത്തെ inspired by എന്ന് ആണല്ലോ ഇക്കാലത്ത് പറയുക" എന്നൊക്കെ ഉള്ള കമന്റുകൾ കണ്ടത് കൊണ്ട് മാത്രം പറയുകയാണ്; ഉത്തരം സിനിമയുടെ കഥയുമായി കാര്യമായ സാമ്യം ഒന്നും കണ്ടെത്താൻ എനിക്ക് കഴിഞ്ഞില്ല. ഇനിയങ്ങനെ ഉണ്ടെങ്കിൽ തന്നെ ക്രഡിറ്റ് വെക്കേണ്ടത് ഉത്തരം സിനിമക്ക് അല്ല താനും. കാരണം, ഉത്തരം സിനിമയുടെ തിരക്കഥയിൽ MT വ്യക്തമായി എഴുതി വെച്ചിട്ടുണ്ട്;

അവലംബം :- ദഫ്ൻ ദു മോറിയയുടെ
"നോ മോട്ടീവ് " എന്ന കഥ!

NB :- സിനിമയിൽ ഉടനീളം, രണ്ട് കഥാപാത്രങ്ങളുടെയും പേര് എടുത്ത് പറയാതെ തന്നെ നമുക്ക് തിരിച്ചറിയാൻ കഴിയും വിധം അതിശയകരമായ അഭിനയം കാഴ്ച വെച്ച ജോജു ജോർജിനെ എടുത്തു പറയാതെ വയ്യ!